"ഭരണഭാഷ-മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണവകുപ്പ്
(ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ആന്റ് എഞ്ചിനീയറിംഗ് വിംഗ്)
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

ഡിബി 5/7507/11/സിഇ/തസ്വഭവ.

തീയതി : 04.11.2020

# പരിപത്രം

വിഷയം:- LID & EW—തസ്വഭവ-വൃത്തിയും ശുചിത്വവും സുരക്ഷിതത്വവും ഉള്ള പൊതു ശുചിമുറികൾ നിർമ്മിക്കുന്നതിന് വേണ്ടി രൂപീകരിച്ച "Take a break" പദ്ധതി-സംബന്ധിച്ച്

സൂചന:- 20.10.2020 തീയതിയിലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ പരിപത്രം

വൃത്തിയും ശുചിത്വവും സുരക്ഷിതത്വവും ഉള്ള പൊതു ശുചിമുറികൾ നിർമ്മിക്കുവാൻ "Take a break" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണ സമിതി അംഗീകാരം നേടിയ പ്രോജക്ടുകൾ സമയബന്ധിതമായി സാങ്കേതിക അനുമതി 23.10.2020 തീയതിക്കകം ലഭ്യമാക്കേണ്ട നടപടി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ സ്വീകരിക്കാനും ടെണ്ടർ നടപടി സ്വീകരിച്ച് കരാർ വയ്ക്കുന്നതിനും, നിർമ്മാണം പൂർത്തിയാക്കുന്നതിനും ഉള്ള നടപടി അടിയന്തിരമായി സ്വീകരിക്കുവാനും മേൽ സൂചന പരിപത്രം പ്രകാരം നിർദ്ദേശിച്ചിരുന്നു.

ഇത്തരം പ്രോജക്ടുകളുടെ സാങ്കേതികാനുമതി നൽകിയതിന്റെ എണ്ണം ഈ കാര്യാലയത്തിന്റെ ഔദ്യോഗിക വെബ് സൈറ്റിലെ "Proforma" പേജിൽ പ്രസിദ്ധീകരിച്ചിട്ടുള്ള Proforma P-1085 ലെ column-G, column-k എന്നീ കോളങ്ങളിൽ രേഖപ്പെടുത്തി സമർപ്പിക്കുവാനും നിർദ്ദേശിച്ചിരുന്നു. എന്നാൽ ചില കാര്യാലയങ്ങളിൽ നിന്നു കൃത്യമായ വിവരങ്ങൾ സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. ആയതിനാൽ **Take a break പദ്ധതിയിൽ ഉൾപ്പെട്ട മുഴുവൻ പ്രവൃത്തികൾക്കും അടിയന്തിരമായി സാങ്കേതികാനുമതി നൽകുന്നതിനും, സാങ്കേതികാനുമതി ലഭ്യമായ മുഴുവൻ പ്രവൃത്തികൾക്കും ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനും മേൽ പ്രൊഫോർമയിൽ ടി വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിക്കുന്നു.**

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ
(ചീഫ് എഞ്ചിനീയറുടെ പൂർണ്ണ അധിക ചുമതല)

dl/800-20